എന്നാൽ ആസ്തികളുടെ വിവരം സർവ്വേയിലൂടെ മനസ്സിലാക്കി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാൻ നടപടികൾ എടുത്തുവരുന്നു.

(ഇ) സ്വീകരിച്ചുവരുന്നു.

വേൾഡ് ഹെൽത്ത് ഓർഗനൈസേഷനിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന സഹായങ്ങൾ

*27 [410] *ശ്രീ. ടി. പി. എം. സാഹിർ:*
„ *സി. മോയിൻകുട്ടി:*
„ *ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേൾഡ് ഹെൽത്ത് ഓർഗനൈസേഷനിൽനിന്നും സംസ്ഥാനത്തിന് സഹായങ്ങൾ ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് എന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ലഭിച്ചിട്ടുള്ള സഹായത്തിന്റെ വിശദാംശം നൽകുമോ;

(ഡി) സ്വീകരിച്ച സഹായങ്ങൾ അതാത് പദ്ധതികൾക്കായിത്തന്നെ മുഴുവനും ചെലവഴിച്ചിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഉണ്ട്.

(ബി) പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി, ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി, ബ്ലഡ് സേഫ്റ്റി ക്വാളിറ്റി മാനേജ്മെന്റ് പ്രോഗ്രാം, സമൂഹ മന്തുരോഗ നിവാരണ പദ്ധതി എന്നീ പദ്ധതികൾക്കാണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ സഹായം ലഭിക്കുന്നത്.

(സി) പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കായി 2003-2004-ൽ 121.94 ലക്ഷവും 2004-2005-ൽ 162 ലക്ഷം രൂപയും ലഭിക്കുകയുണ്ടായി. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിക്ക് 2003-2004-ൽ 1,50,000 രൂപയും 2004-2005-ൽ 91,000 രൂപയും ലഭിച്ചു. സമൂഹ മന്തുരോഗ നിവാരണ പദ്ധതിക്ക് കഴിഞ്ഞ രണ്ടുവർഷങ്ങളിൽ 118 ലക്ഷം രൂപയും ബ്ലഡ് സേഫ്റ്റി ക്വാളിറ്റി മാനേജ്മെന്റ് പ്രോഗ്രാമിന് 10,44,079 രൂപയും ലഭിച്ചു.

(ഡി) ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly